കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അകത്തേത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17


ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി 14-1304/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്, തീയതി-28.07.2017

e-mail:dopkd.ksad@kerala.gov.in

ഫോൺ- 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അകത്തേത്തറ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി 14-1304/2017 തീയതി.28.07.2017

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 14.10.2016 മുതൽ 16-06-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-06-2017 മുതൽ 23-06-2017 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.പ്രേമാനന്ദ്.എസ് | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| 3 | ശ്രീ.സി.എൽ.പത്മകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി. ഫസീല.കെ.എ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീമതി. ഇന്ദിര.എസ് | 01-04-2016മുതൽ 31-3-2017 വരെ |
| സെക്രട്ടറി | |
| വി.കലാധരൻ | 1-4-2016 മുതൽ 01-05-2016 വരെ<br>19-05-2016 മുതൽ 28-07-2016 വരെ |
| ജെ.രാധാകൃഷ്ണപ്പിള്ള | 02-05-2016 മുതൽ 18-05-2016 വരെ<br>29-07-2016 മുതൽ 25-08-2016 വരെ |
| എ.രാധാകൃഷ്ണൻ | 26-08-2016 മുതൽ 31-03-2017 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.അരുൺ ജെ പ്രതാപ് | 1-04-2016 മുതൽ 06-09-2016 വരെ |
| | ശ്രീമതി.ശാലിനി.വി | 07-09-2016 മുതൽ 31-3-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഗോപകുമാർ.സി | 1-04-2016 മുതൽ 31-03-2017 വരെ |
| എച്ച്.എം. ജി.യു.പി.എസ് അകത്തേത്തറ | ശ്രീമതി.ഐബി.സി.കെ | 1-04-2016 മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബി.പ്രസന്നകുമാരി | 1-4-2016 മുതൽ 21-08-2017 വരെ |
| | ശ്രീ.ഹരിമോഹൻ ഉണ്ണിക്കൃഷ്ണൻ | 22-08-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ.ജൂമിത.യു.ജി | 1-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.ബാബു.യു | 1-04-2016 മുതൽ 31-03-2017വരെ |
| വെറ്ററിനറി സർജൻ | ഡോ.വേലായുധകുമാർ | 1-04-2016 മുതൽ 31-12-2016വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ഡോ.ജി.ഷർമ്മിള | 1-01-2017 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ദീപ്തി | 1-04-2016 മുതൽ 31-03-2017വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സരസ്വതി.പി | 1-04-2016 മുതൽ 15-06-2016വരെ |
| | ശ്രീമതി.രമ.ആർ | 16-06-2016 മുതൽ 31-3-2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഹഫ്സ | 1-04-2016 മുതൽ 31-03-2017വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | | ഭാഗം.1 |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |

| | | |
|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | | |
| 1 | 2-1 | പരസ്യനികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് |
| 2 | 2-2 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് |
| ഭാഗം 3 | | |
| 1 | 3-1 | മാലിന്യം നിക്ഷേപിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് ബോർഡുകൾ വാങ്ങിയത് ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 2 | 3-2 | ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചില്ല |
| 3 | 3-3 | പാലിയേറ്റീവ് കെയർ - മരുന്ന് ലഭ്യമാക്കേണ്ടതാണ് |
| 4 | 3-4 | പാലിയേറ്റീവ് കെയർ-വാഹന വാടക അനുവദിച്ചതിൽ അപാകത |
| 5 | 3-5 | ആയുർവേദ സബ് സെന്റർ വാഹന വാടക നൽകിയതിലെ അപാകതകൾ |
| 6 | 3-6 | സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല |
| 7 | 3-7 | ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വാങ്ങിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറിയത് ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് |
| 8 | 3-8 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 9 | 3-9 | വയോജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ് |
| 10 | 3-10 | ഭവന നിർമ്മാണ പദ്ധതി ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു |
| 11 | 3-11 | യോഗപരിശീലനം-നടപ്പിലാക്കിയതിലെ അപാകതകൾ |
| 12 | 3- | എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം - |

| | | |
|---|---|---|
| | 12 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു |
| 13 | 3-13 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ |
| 14 | 3-14 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ |
| 15 | 3-15 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| ഭാഗം 4 | | |
| 1 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം -1

# പൊതു അവലോകനം

# 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 23-06-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 12-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3519739 |
| വരവ് | 44818414 |
| ആകെ | 48338153 |
| ചെലവ് | 42891259 |
| നീക്കിയിരിപ്പ് | 5446894 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11195448 | 11195448 | 9410855 | 1784593 | 84.06 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5556357 | 5556357 | 3301095 | 2255262 | 59.41 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 286863 | 286863 | 152836 | 134027 | 53.28 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4177902 | 4177902 | 2218935 | 1958967 | 53.11 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3292548 | 3292548 | 1109910 | 2182638 | 33.71 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6278764 | 6278764 | 3857250 | 2421514 | 61.43 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 4355021 | 4355021 | 709282 | 3645739 | 16.29 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 1059 | 21938476 | 21939535 | 21937420 | 2115* | 99.99 |
| ബി ഫണ്ട് | 0 | 29592160 | 29592160 | 29592160 | - | 100 |

* നീക്കിയിരിപ്പ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 40893769 | 111 | 20760163 | - | 85 | 56.63 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.23 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6609417 | 8015693 | (+)1406276 | (+)21.28 |
| നികുതിയേതര വരവുകൾ | 1922555 | 1645031 | (-) 277524 | (-)14.44 |
| ആകെ | 8531972 | 9660724 | (+)1128752 | (+)13.23 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90840 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 2869170 | 324 |
| വിധവാപെൻഷൻ | 7870960 | 816 |
| വാർദ്ധക്യകാലപെൻഷൻ | 15208880 | 1532 |
| വികലാംഗപെൻഷൻ | 2192730 | 232 |
| വിവാഹ ധനസഹായം | 540000 | 18 |
| അവിവാഹിത പെൻഷൻ | 529580 | 63 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-06-2017 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3.10ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3715രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്ന തപാലുകൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിന് തുക അനുവദിക്കുമ്പോൾ ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-06-2017 | മെയ് 2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-11-2014 | 2009-10 മുതൽ 2013-14 വരെ | 22-12-2-14 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി പിരിച്ചിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് രാജ് നിയമ പ്രകാരം നിർബന്ധമായും പിരിച്ചെടുക്കേണ്ട നികുതികളുടെ കൂട്ടത്തിലാണ് പരസ്യനികുതി ഉൾപ്പെടുത്തിയിട്ടുള്ളത്. പരസ്യനികുതി പിരിച്ചെടുക്കാതിരിക്കുന്നത് തനതു ഫണ്ടിന് നഷ്ടം ഉണ്ടാക്കുമെന്നതിനാൽ പരസ്യനികുതി പിരിക്കുന്നതിനാവശ്യമായ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും, പരസ്യനികുതി പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

മൂന്ന് വർഷ കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റ് തുകകൾ കേരള ഫിനാൻഷ്യൽ കോഡ് Vol.1 Art.282(1) അനുസരിച്ച് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മൂന്ന് വർഷ കാലാവധി കഴിഞ്ഞ തുകകൾ (14.10.2008 മുതലുള്ള ഡെപ്പോസിറ്റ് തുകകൾ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിന്യം

# നിക്ഷേപിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് ബോർഡുകൾ ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്റ്റിന്റെ നമ്പരും, പേരും - 13/17, റോഡിന്റെ വശങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച ബോർഡ്

ചെലവ്- 19550 (ബിൽ നം.13/25-01-2017)
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം റോഡിന്റെ വശങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് ബോർഡ് ദാസ് ഏജൻസീസ്, ആലത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും 17ബോർഡുകൾ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെയും സ്ഥാപിച്ചിട്ടില്ല. പ്രോജക്റ്റ് തയ്യാറാക്കിയപ്പോൾ ബോർഡുകൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തിയിരുന്നില്ല. പദ്ധതി ആസൂത്രണത്തിലെ അപാകത കാരണം ബോർഡുകൾ ഇപ്പോഴും പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ കിടക്കുകയാണ്. (ചിത്രം കാണുക)



ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.4/22-06-2017) നൽകിയതിൽ ആയത് അടിയന്തിരമായി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-2 ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചില്ല

കുടിവെള്ള പദ്ധതികൾക്കായി നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിയുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നൽകുമ്പോൾ കരാറിൽ ഏർപ്പെടണമെന്ന് സർക്കാർ ഉത്തരവ് (സാധാരണ)നം.1372/2013/ത.സ്വ.ഭ.വ, തീയതി.25-05-2013 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ കേരള ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

വൈദ്യുത വിതരണ പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ തന്നെ കെ.എസ്.ഇ.ബി യും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് സർക്കുലർ നം.40305/ ഡി.പി.1/03/ത.സ്വ.ഭ.വ, തീയതി.21-08-2003 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ വെയ്ക്കാത്തതിനാൽ പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റ് കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ തുടർ നടപടികൾ സ്വീകരക്കണമെങ്കിൽ കരാർ നിർബന്ധമാണ്. സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള ജല അതോറിറ്റി | 182/17, പഴംപുള്ളി എസ്.ടി കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള തുക വാട്ടർ അതോറിറ്റിയിൽ നക്ഷേപിക്കൽ<br>300000 | ബിൽ നം.18/8-03-2017-70000 രൂപ, ബിൽ നം.19/8-03-2017-230000 രൂപ | 300000 |
| കേരള ജല അതോറിറ്റി | 232/17, പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള തുക വാട്ടർ അതോറിറ്റിയിൽ നക്ഷേപിക്കൽ | ബിൽ നം.33/24-03-2017-358265 രൂപ, ബിൽ നം.28/20-03-2017-353485 രൂപ | 711750 |
| കെ.എസ്.ഇ.ബി | 242/17, തെരുവു വിളക്ക് സ്ഥാപിക്കുന്നതി നാവശ്യമായ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള തുക കെ.എസ്.ഇ.ബി യിൽ നിക്ഷപിക്കൽ | ബിൽ നം.23/16-03-2017-503000 രൂപ, ബിൽ നം.37/30-03-2017-90328 രൂപ, 33554- തനത് ഫണ്ട് | 626882 |
| നിർമ്മിതി കേന്ദ്രം | 226/17, കല്ല്യാണ മണ്ഡപത്തിനടുത്ത് വാട്ടർ ടാങ്കിനു താഴെയുള്ള | വൗച്ചർ നം.21601428/31-03-2017 | 29499 |

| | | | |
|---|---|---|---|
| | ഓഫീസുകളുടെ ഇലക്ട്രിഫിക്കേഷൻ | | |

മേൽ പറഞ്ഞ നിർവ്വഹണ ഏജൻസികൾ പണി പൂത്തികരിച്ചതിന്റെ വിവരങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-3 പാലിയേറ്റീവ് കെയർ - മരുന്ന് ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ്നം :53/17, പാലിയേറ്റീവ് കെയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

വികസന ഫണ്ട് (ജനറൽ) അടങ്കൽ :350000/- രൂപ

ചെലവ്: 265478/-

മേൽ പ്രോജക്റ്റിൽ ബിൽ നം 15/16-17 തീ.30-03-2017ൽ മരുന്ന വാങ്ങുന്നതിനായി 83746/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് (തിരുവനന്തപുരം) നൽകിയിട്ടുണ്ട്. നാളിതു വരെയും മരുന്ന് ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയിലെ രോഗികൾക്ക് ആവശ്യമായ മരുന്ന് യഥാസമയം എത്തിക്കാൻ കഴിയാതിരിക്കുന്നത് അതിന്റെ യഥാർത്ഥഗുണം രോഗികൾക്ക് ലഭിക്കാത്ത സ്ഥിതി വിശേഷം ഉണ്ടാക്കുന്നതാണ്. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 പാലിയേറ്റീവ് കെയർ-വാഹന വാടക അനുവദിച്ചതിൽ അപാകത

I.ജി.ഒ(ആർ.ടി)3217/2015തസ്വഭവ തീ.29.10.2015 പ്രകാരം പ്രസിദ്ധീകരിച്ച പാലിയേറ്റീവ് കെയർ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ, ഖണ്ഡിക 2.6.5 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്റ്റിനായി വാഹനം ദിവസവാടകയ്ക്ക് എടുക്കുമ്പോൾ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനത്തെ തെരഞ്ഞെടുക്കേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാഹനം വാടകയ്ക്കെടുത്തത്.

II.യാത്ര ചെയ്ത വാഹന(KL-9Z-6385)ത്തിന്റെ ട്രിപ്പ് ഷീറ്റിൽ പ്രതിദിനം യാത്ര ചെയ്ത ദൂരം, സന്ദർശിച്ച സ്ഥലം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.
പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-5 ആയുർവേദ സബ് സെന്റർ വാഹന വാടക നൽകിയതിലെ അപാകതകൾ

I.ഒരേ സമയം ഒരേ വാഹനം ഒരേ സ്ഥലത്തേക്ക് യാത്ര നടത്തിയതിന് രണ്ട് വൌച്ചറുകൾ (പേയ്മെന്റ് വൗച്ചർ നം.21601249, 21601385) പ്രകാരം തുക നൽകിയിട്ടുണ്ട്. ഒരേ യാത്രയ്ക്ക് രണ്ടു തവണ തുക നല്കിയതു മൂലം പഞ്ചായത്തു ഫണ്ടിന് ഉണ്ടായ 1600/- രൂപയുടെ നഷ്ടം ഓഡിറ്റ് അന്വേഷണത്തിലൂടെ ശ്രദ്ധയിൽ പെടുത്തുകയും ആയത് രശീതി നം.117040101349 തീ.27.06.2017 പ്രകാരം ഡ്രൈവറിൽ നിന്നും 1600/- രൂപ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടുമുണ്ട്.

II.യാത്ര നടത്തിയതായി കാണിച്ചിട്ടുള്ള വാഹനം KL-9AF-2267, ടാക്സ് ആണ്. എന്നാൽ തുക കൈപ്പറ്റിയതായി കാണിച്ചിട്ടുള്ള രശീതിയിൽ രേഖപ്പെടുത്തിയിട്ടുള്ള വാഹന നം. KL-9AX-5830, ടാറ്റ സ്പേഷ്യോ ആണ്. തുക അനുവദിക്കുമ്പോൾ വൌച്ചറുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

III.മേൽ പറഞ്ഞ വാഹനത്തിന് ഒരു ദിവസത്തേക്ക് (രാവിലെ 9.30 മുതൽ 12.30 വരെ) സബ് സെന്ററിൽ പോയിവരുന്നതിന് നൽകിയ വാടക 800/- രൂപയാണ്. സർക്കാർ ഉത്തരവ് നം.GO(P)74/2014 transport തീ.14.10.2014 ൽ നിർദ്ദേശിച്ച നിരക്കിലും അധികനിരക്കാണ് നൽകിയിട്ടുള്ളത്. വാഹന വാടക അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശിച്ച നിരക്കിൽ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സാക്ഷരത പ്രേരക്മാർക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 01-04-2014 മുതൽ 31-03-2017 വരെയുള്ള കാലയളവിൽ ഓണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നീ ഇനങ്ങളിൽ നൽകിയ തുകയായ 262078 രൂപ നാളിതുവരെയും സാക്ഷരത മിഷനിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രേരക് മാരുടെ പേര് | ഓണറേറിയം | ഫെസ്റ്റിവൽ അലവൻസ് | ആകെ |
|---|---|---|---|
| ശാരദ ശിവദാസൻ | 125039 | 6000 | 131039 |
| ശ്രീജ.സി.ബി | 125039 | 6000 | 131039 |
| ആകെ | 250078 | 12000 | 262078 |

സാക്ഷരത മിഷനിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# 3-7 ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വാങ്ങിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറിയത് ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റിന്റെനമ്പറും പേരും - 108/17, സ്കൂട്ടർ വിത്ത് സൈഡ് വീൽ

ചെലവ്- 40000 (ബിൽ നം.10/23-12-2016)

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വാങ്ങിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വിഹിതം രണ്ട് ഗുണഭോക്താക്കൾക്കായി 20000 രൂപ വീതം 40000 രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഫണ്ട് ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-8 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് പാലക്കാട് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേരും നമ്പരും | ചെലവഴിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|
| കന്നുകുട്ടി പരിപാലനം (വനിത) | 250000 | 1/2016-17/7-3-17 |
| കന്നുകുട്ടി പരിപാലനം (എസ്.സി) | 62500 | 2/2016-17/7-3-17 |

പദ്ധതികൾ പൂർത്തീകരിച്ചതിനു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-9 വയോജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വയോജനക്ഷേമത്തിന് പ്രാധാന്യം നൽകി നടപ്പിലാക്കിയ വയോജന സൗഹൃദ ഗ്രാമം എന്ന പ്രോജക്ട് (നം.85/17) കണ്ണാശുപത്രിയുമായി സഹകരിച്ച് നടത്തിയ മെഡിക്കൽ ക്യാമ്പുകൾ മാത്രമാണ് വയോജനത്തിന് നേരിട്ട് പ്രയോജനപ്പെട്ടിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താനാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതെങ്കിലും ആയത് നടപ്പിലാക്കിയതിന്റെ അപാകതകൾ താഴെ ചേർക്കുന്നു

1) വയോജനങ്ങളുടെ സർവ്വേ നടത്തുന്നതിനാണ് കൂടുതൽ തുകയും ഉപയോഗിച്ചതായി കാണുന്നത്. ആകെ പ്രോജക്ടിനായി ചെലവഴിച്ച 94059 രൂപയിൽ 47200 രൂപയും വയോജനങ്ങളുടെ സർവ്വേ നടത്തുന്നതിനും ഹെൽത്ത് കാർഡ് പ്രിന്റിനുമാണ് നല്കിയിരിക്കുന്നത്.

| ക്രമ നമ്പർ | ചെലവ് | രൂപ |
|---|---|---|
| 1 | സർവ്വേ ഫോം | 1200 |
| 2 | ഡാറ്റാ എൻട്രി | 11000 |
| 3 | ഹെൽത്ത് കാർഡ് | 35000 |

| | | |
|---|---|---|
| | ആകെ | 47200 |

2) സർവ്വേയുടെ ഫലമായി ലഭിച്ച വയോജനങ്ങളുടെ ഡേറ്റ ഭാവി ആവശ്യത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ രജിസ്റ്ററുകളിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

3) 35000 രൂപ വിനിയോഗിച്ച് 5000ഹെൽത്ത് കാർഡ് പ്രിന്റ് ചെയ്തിട്ടും 164 കാർഡ് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നത്. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6/17 തീയതി 22/6/2017) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2017-18 ൽ വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമെന്നും, 1166 പേർക്ക് കാർഡ് നൽകിയിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്. വയോജനങ്ങളുടെ വിവരങ്ങൾ വാർഡ് മെമ്പറുടെ സഹകരണത്തോടെ വാർഡ് തലത്തിൽ ശേഖരിക്കുന്നതിന് പകരം സർവ്വേ നടത്തിയിട്ടും വയോജനങ്ങൾക്ക് വേണ്ട ഫലം ലഭിച്ചതായി കാണുന്നില്ല.ആയതിനാൽ വയോജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലുള്ള പ്രോജക്ടുകൾ ഭാവിയിൽ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 ഭവന നിർമ്മാണ പദ്ധതി ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

പ്രോജക്ട് നമ്പരും പേരും- 25/17, ഭവന നിർമ്മാണം (വനിത) (സ്പിൽ ഓവർ)

<u>അടങ്കൽ</u>

350000 (ഗ്രാമ പഞ്ചായത്ത് വിഹിതം)

<u>1050000</u> (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) (ചെക്ക് നമ്പർ.800396/28.4.15 )

1400000

<u>ചെലവ്</u>

350000 (ഗ്രാമ പഞ്ചായത്ത് വിഹിതം)

<u>830000</u> (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

1180000

2014-15 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ഭവന നിർമ്മാണം (വനിത) എന്ന പ്രോജക്ട് പ്രകാരം 7 ഗുണഭോക്തക്കളെ തിരഞ്ഞെടുത്തുവെങ്കിലും 6 ഗുണഭോക്തക്കൾ മാത്രമാണ് കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചത്. ആയതിൽ ഒരു ഗുണഭോക്താവിന് അവസാന ഗഡുവായ 20000 രൂപ അനുവദിക്കാനുണ്ട്. ഗുണഭോക്താവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയുള്ള തുക |
|---|---|---|

| | | |
|---|---|---|
| രജിനി w/o ഹരിദാസ്, പപ്പാടി,ധോണി | 180000 | 20000 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി പ്രകാരം 10,50,000രൂപ വരവ് വന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് വിഹിതമായി 3,50,000രൂപയും ചേർന്ന് 14 ലക്ഷം രൂപയുടെ പ്രോജക്ട് ആണെങ്കിലും 2,20,000രൂപ 3 വർഷം കഴിഞ്ഞിട്ടും ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വോഷണത്തിന് (നം.7/17 തീയതി 22/6/2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ഗുണഭോക്താവിന് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാന ഗഡുവായ 20000 രൂപ അനുവദിക്കേണ്ടതാണ്. ബാക്കിയുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2ലക്ഷം രൂപ തിരികെ അടവാക്കേണ്ടതാണ്.

# 3-11 യോഗപരിശീലനം-നടപ്പിലാക്കിയതിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് യോഗപരിശീലനം എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) യോഗ പരിശീലകരുടെ യോഗ്യത സംബന്ധിച്ച യാതൊരു സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

2) 350 രൂപ നിരക്കിലാണ് പരിശീലകരുടെ ദിവസ വേതനം നിശ്ചയിച്ചതെങ്കിലും മൊത്തം തുകയായിട്ടാണ് വേതനം നൽകിയിരിക്കുന്നത്. പരിശീലകരുടെ പരിശീലന കാലയളവ് പ്രോജക്ടിൽ പ്രതിപാദിക്കാതെ 40000 (20000 x2 = 40000) രൂപയാണ് നൽകിയിരിക്കുന്നത്.

3)യോഗാ പരിശീലനത്തിന്റെ കാലാവധിയെ സംബന്ധിച്ച് യാതൊരുവിധ സമയവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6/17 തീയതി 22/6/2017) യോഗ പരിശീലകരുടെ യോഗ്യത സംബന്ധിച്ച സർട്ടഫിക്കറ്റിന്റെ കോപ്പി ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, പരിശീലനം ഒരു മാസത്തേയ്ക്ക് തീരുമാനിച്ചുവെങ്കിലും വയോജനങ്ങളുടെ ആവശ്യപ്രകാരം തീയതി നീട്ടിയതാണെന്നും, പരിശീലകരായ ശ്രീ.സതീഷ് കുമാർ 75 ക്ലാസ്സുകളും, ശ്രീമതി. ഏലിയാമ്മ 90 ക്ലാസ്സുകളും കൈകാര്യം ചെയ്തിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട് തുടങ്ങുമ്പോൾ തന്നെ യോഗപരിശീലനത്തിന്റെ കാലാവധി നിശ്ചയിക്കേണ്ടതും, പരിപാലകന്റെ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. പരിശീലകരുടെ വേതനം ദിവസത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച പ്രകാരം നൽകേണ്ടതാണ്. ഭാവിയിൽ ഈ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം - മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോ.നം.56/17, എച്ച്.ഐ.വിയ്ക്ക് പോഷകാഹാരം, കുട്ടികളുടെ പഠനസഹായം

അടങ്കൽ :50000/-

ചെലവ് :48245/-(ട്രഷറി ബിൽ നം.2/16-17 തുക 13553/-തീ.24.11.2016, ട്രഷറി ബിൽ നം.13/16-17 തുക 34692/-തീ.30.03.2017)

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 48245/-രൂപ ചെലവഴിച്ചതിൽ പോഷകാഹാരം നൽകുന്നതിനായി 17981/-രൂപ വിനിയോഗിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.653/13 തസ്വഭവ തീ.15.03.2013 പ്രകാരം എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ച തുക 17981/- തടസ്സപ്പെടുത്തുന്നു.

# 3-13 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 14 (4സ്പിൽ ഓവർ + 10 പുതിയവ) പദ്ധതികളിൽ 9 (2 സ്പിൽ ഓവർ + 7പുതിയവ) എണ്ണം തൻ വർഷം നടപ്പാക്കി. വകയിരുത്തിയ രൂ:3177657ൽ രൂ:2005500/- (63%)ചെലവഴിച്ചു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു. നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പ്രൊജക്ട് നടപ്പാക്കുന്നതിൽ അസിസ്റ്റന്റ് സെക്രട്ടറി ശ്രദ്ധിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തെ സംബന്ധിക്കുന്ന പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1.പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം:

പ്രൊജക്ട് നം.127/17:പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം 9 വിദ്യാർത്ഥികൾക്ക് രൂ:100000/- ചെലവഴിച്ച് പഠനമുറി നിർമ്മിക്കാനായി രൂ:900000/- വികസന ഫണ്ട് (എസ്.സി.പി) നീക്കിവെച്ചു. രൂ:50000/- ഒന്നാം ഗഡുവായി കൈപ്പറ്റിയ 9 പേരിൽ 6 പേർ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് രൂ:50000/- വീതം രണ്ടാം ഗഡുവും കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള 3 പേരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം |
|---|---|
| 1 | സിജ ശിവൻ, നരിക്കോട് ഹൌസ്, ധോണി. (വാർഡ് - 1) |
| 2 | മേഘന, d/o മോഹൻ, ചെക്കിനിപ്പാടം. (വാർഡ് - 3) |
| 3 | സുഗന്ധി, d/o ശിവരാമൻ, ചീക്കുഴി. (വാർഡ് - 2) |

തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നം. | തുക(രൂ) |
|---|---|
| 02/05.01.17 | 200000 |

| | |
|---|---|
| 13/13.03.17 | 50000 |
| 14/31.03.17 | 350000 |
| 08/27.02.17 | 150000 |
| ആകെ | 750000 |

നിർമ്മാണം പൂർത്തിയാക്കാത്ത മൂന്ന് ഗുണഭോക്താക്കളുടെയും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും അവസാനഗഡു ധനസഹായം വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. **സർവ്വെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് തുടർ പദ്ധതികളുടെ ആവിഷ്കാരത്തിന് പ്രയോജനപ്പെടുത്തണം:**

ഗ്രാമ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും വിവരങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നതിനായി 2016-17 വർഷം 2 പദ്ധതികൾ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയിട്ടുണ്ട്. സർവ്വെ പൂർത്തീകരിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് ഡി.ടി.പിയും പ്രിന്റിങ്ങും പൂർത്തീകരിച്ചെങ്കിലും സർവ്വെ ഫലം പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

a) പ്രൊജക്ട് നം.178/17:പട്ടികജാതിക്കാരുടെ സർവ്വെയും സർവ്വെ ലിസ്റ്റ് പ്രസിദ്ധീകരണവും:

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവു തുക | ബിൽ നം. |
|---|---|---|---|
| പ്ലാൻ (എസ്.സി.പി) | 26657 | 16800 | 17/31.03.17 |

തുക ചെലവഴിച്ചതിന്റെ വിശദവിവരം:

| ക്രമ നം. | ഇനം | തുക(രൂ) |
|---|---|---|
| 1 | സർവ്വെ ഫോം പ്രിന്റിങ് | 4300 |
| 2 | സർവ്വെ ചാർജ്ജ് (വീടൊന്നിന് 10 രൂപ നിരക്കിൽ) | 5000 |
| 3 | സർവ്വെ ഫോം ക്രോഡീകരണം | 2500 |
| 4 | ഡി.ടി.പിയും പ്രിന്റിങ്ങും | 5000 |
| | ആകെ | 16800 |

b) പ്രൊജക്ട് നം.179/17:പട്ടികവർഗ്ഗക്കാരുടെ സർവ്വെയും സർവ്വെ ലിസ്റ്റ് പ്രസിദ്ധീകരണവും:

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവു തുക | ബിൽ നം. |
|---|---|---|---|
| പ്ലാൻ (ടി.എസ്.പി) | 4863 | 1945 | 16/31.03.17 |

തുക ചെലവഴിച്ചതിന്റെ വിശദവിവരം:

| ക്രമ നം. | ഇനം | തുക(രൂ) |
|---|---|---|
| 1 | സർവ്വെ ഫോം പ്രിന്റിങ് | 500 |
| 2 | സർവ്വെ ചാർജ്ജ്<br>(വീടൊന്നിന് 10 രൂപ നിരക്കിൽ) | 430 |
| 3 | സർവ്വെ ഫോം ക്രോഡീകരണം | 215 |
| 4 | ഡി.ടി.പിയും പ്രിന്റിങ്ങും | 800 |
| | ആകെ | 1945 |

സർവ്വെ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ

1.അനുവദിച്ച തുകയുടെ 25.24% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച പ്ലാൻ, മെയ്ന്റനൻസ് ഗ്രാന്റ് തുകകളുടെ 25.24% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. റോഡിതര മെയ്ന്റനൻസ് ഗ്രാന്റിനത്തിൽ അനുവദിച്ച രൂ:4557360/- ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് അഭിലഷണീയമല്ല.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 1932821 | 122402 | 6.33 |
| വികസന ഫണ്ട് (എസ്.സി.പി) | 2322000 | 180000 | 7.75 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 2727156 | 1439293 | 52.78 |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 2786349 | 709282 | 25.46 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 4177902 | 2218935 | 53.11 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4557360 | 0 | 0 |
| ആകെ | 18503588 | 4669912 | 25.24 |

2. കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

പ്രോജക്ട് നം.11/17(96/16): കുന്നുകാട് സാവിത്രി വീട് റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 51887 | 51887 | 17/31.3.17 |
| പ്ലാൻ (FC Grant) | 48113 | 39686 | 12/13.3.17 |
| ആകെ | 100000 | 91573 | |

കരാർ നം.42/9.9.15 കരാർ തുക:രൂ:99528/- കരാറുകാരൻ: സുരേഷ് ബാബു. എസ്

അളവു പുസ്തകം നം.13/16-17 ആകെ പ്രവൃത്തി മൂല്യം: രൂ:91582.21

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31.3.16 പൂർത്തീകരിച്ച തീയതി: 6.3.17

നിശ്ചിത സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 17.05.16ന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനോട് വിശദീകരണം ചോദിച്ചതിന്, തീയതി രേഖപ്പെടുത്താതെ കരാറുകാരൻ നൽകിയ മറുപടിയിൽ സ്ഥല തർക്കം തീർത്ത് പ്രവൃത്തി ചെയ്യാൻ നടപടികൾ ചെയ്ത് തരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇത് അസിസ്റ്റന്റ് എഞ്ചിനീയർ 16.02.17ന് സെക്രട്ടറിക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 27.02.17ന്റെ ഭരണ സമിതി യോഗത്തിലെ 8ാം നമ്പർ തീരുമാനത്തിൽ പ്രശ്നം പരിഹരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രശ്നമുള്ളതായി പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവിലൊന്നും തന്നെ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻ തന്നെ പ്രശ്നം പരിഹരിച്ചിട്ടുമുണ്ട്. ഇക്കാരണത്താൽ കരാറുകാരനിൽ നിന്നും കരാർ വ്യവസ്ഥ പ്രകാരം കാലതാമസത്തിനുള്ള പിഴ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/22.06.17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 01.04.16 മുതൽ 11.05.16വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 12.05.16 മുതൽ 11.08.16 വരെ: 99528*1% =0995.28

പിഴ: 12.08.16 മുതൽ 11.11.16 വരെ: 99528*2% =1990.56

പിഴ: 12.11.16 മുതൽ 11.02.17വരെ: 99528*2% =1990.56

പിഴ: 12.02.17 മുതൽ 05.03.17 വരെ: 99528*2%*22/90 =0486.58

പിഴ: ആകെ =5462.98

കരാറുകാരനിൽ നിന്നും രു:5463/- ഈടാക്കി തനതു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3.ട്രഷറിയിൽ നിന്നും അധികം പിൻവലിച്ച തുക തിരിച്ചടക്കണം.

158/17: സൂര്യ നഗർ റോഡ് എന്ന പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യം രൂ:56249/- ആണെങ്കിലും, ട്രഷറിയിൽ നിന്നും രൂ:59249/- പിൻവലിച്ചതായി ബിൽബുക്കിൽ രേഖപ്പെടുത്തിക്കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നം. |
|---|---|---|---|
| തനതു ഫണ്ട് | 15350 | 0 | |
| മെയ്ന്റനൻസ് ഗ്രാന്റ് (റോഡ്) | 59650 | 59650 | 22/31.03.17 |
| ആകെ | 75000 | 59650 | |

അളവു പുസ്തകം നം.31/16-17

ആകെ പ്രവൃത്തി മൂല്യം :68429/-
<u>(-) ടെണ്ടർ വ്യതിയാനം(17.8%) :12180/-</u>

ആകെ :56249/-

<u>(-)നികുതികൾ : 3376/-</u>

ആകെ :52873/-

================================

ട്രഷറിയിൽ നിന്നും ഗ്രോസ് തുകയായി പിൻവലിക്കേണ്ടത് രൂ:56249/-ന് പകരം 59249/- പിൻവലിച്ചതായി ട്രഷറി ബിൽ ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നു. നികുതിയിനത്തിൽ അടവാക്കിയ തുകയിലും, കരാറുകാരന് നൽകിയ തുകയിലും വ്യത്യാസം കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.8/22.06.17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം പിൻവലിച്ച രൂ:3000/- തിരിച്ചടക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 142500 | നെൽകൃഷി പരിപാലനം | 142500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 182/17, പഴംപുള്ളി എസ്.ടി കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കൽ | 18/8-3-2017, 19/8-3-2017 | 300000 | 300000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടല്ല |
| കേരള ജല അതോറിറ്റി | 232/17, പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കൽ | 33/24-3-2017, 28/20-3-2017 | 711750 | 711750 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടല്ല |
| കെ.എസ്.ഇ.ബി | 242/17, തെരുവു വിളക്ക് | 23//16- | 626882 | 626882 | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കുന്നതിനാവശ്യമായ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള തുക കെ.എസ്.ഇ.ബി യിൽ നിക്ഷേപിക്കൽ | 3-17-503000, 37/30-3-17-90328, 1466/31-3-17-33554 | | | സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി | ഉത്തരവ് നം. 427/2010/ തസ്വഭവ, തീയതി-6.2.2017 | 95,52,110 | 922110 | - | - | 922110 |

.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14029 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2000-01 | 5 | 150 | ലക്ഷ്മിക്കുട്ടി | 11604101646 /4.6.16 |
| 2015-16 | 2-2 | 2500 | നിജോ പി.സെബസ്റ്റ്യൻ | 116041074191 /14.3.17 |
| 2015-16 | 2-2 | 2500 | പി.കെ.സെബസ്റ്റ്യൻ | 11604107421/14.3.17 |
| 2015-16 | 2-2 | 2500 | എൽജോ.പി.ജോർജ് | 11604107585 /17.3.17 |
| 2015-16 | 2-1 | 1250 | സെക്രട്ടറി, കോ-ഓപറേറ്റീവ് മിൽക്ക് സൊസൈറ്റി | 11604108163 /30.3.17 |
| 2015-16 | 2-1 | 1250 | യൂണിയൻ ബാങ്ക് ഹോമാംബിക നഗർ | 11604500092 /31.3.17 |
| | ആകെ | 10150 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02<br>2006-07 | 2-8(a)<br>2-8(b) | 2006-07 | 3-6<br>4-1 | വരവിനങ്ങളിലെ ക്രമക്കേട്, പണാപഹരണം | തീർപ്പാക്കിയിട്ടില്ല |
| 2012-13 | 3.3.16 | വിഷയാധിഷ്ഠിത അവലോകനം | 3.3.6 | ആരോഗ്യ മേഖല | തീർപ്പാക്കിയിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44818414 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42891259 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8463 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17981 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-14(2) | - | 5463/- | ശ്രീമതി.ശാലിനി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14(3) | - | 3000/- | ശ്രീമതി.ശാലിനി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 8463 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 17981 | ഡോ.ജ്ഞമിത.യു.ജി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശാലിനി.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അകത്തേത്തറ ഗ്രാമ പഞ്ചായത്ത് | വലിയപറമ്പിൽ ഹൌസ്, വൃന്ദാവൻ നഗർ, പുതുശ്ശേരി പി.ഒ, പിൻ-678 623 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1994-95 | എൽ.എഫ്.പി6-125/17-2-98 | തുടർനടപടികൾ |
| 1995-96 | പുറപ്പെടുവിച്ചിട്ടില്ല | - |
| 1996-97 | എൽ.എഫ്.പി6-251/98/25-9-98 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി6-922/98/2-12-00 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി6-922/98/2-12-00 | ഫർദർ റിമാർക്സ് |
| 1999-00 | എൽ.എഫ്.പി6-1144/01/15-1-02 | ഫർദർ റിമാർക്സ് |
| 2000-01 | എൽ.എഫ്.പി14-945/04/7-11-05 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി14-328/06/18-9-06 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി14-1086/2007/9-1-08 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി14-1087/2007/9-1-08 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി14-1088/2007/9-1-08 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി14-463/09/30-3-10 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി14-464/09/30-3-10 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി14-465/09/30-3-10 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി14-1229/10/ 28-1-2011 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി14-1230/10/ 28-1-2011 | ,, |
| 2010-11 | എൽ.എഫ്.പി14-1785/12/5-11-12 | ,, |
| 2011-12 | എൽ.എഫ്.പി14-1192/2014/ 4-5-2015 | ,, |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 11005/15 | ഫർദർ റിമാർക്സ് |
| 2013-14 | നം.കെ.എസ്.എ-പി.കെ.ഡി 14/1012/16,21-07-2015 | ഫർദർ റിമാർക്സ് |
| 2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/1012/16,21.7.2016 | ഫർദർ റിമാർക്സ് |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി.14//210/2017/21.01.2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1 അനുബന്ധം-1

നം. കെ.എസ്.എ-പികെഡി 14-1304/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി 28.07.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമ പഞ്ചായത്തിന്റെ 31.3.2017 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അകത്തേത്തറ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ്

വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതാ സംഗ്രഹം - വാർഷിക ധനകാര്യ പത്രിക – 2016-17</u>

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD 14-1304/2017

Kerala State Audit Department
District Audit Office, Palakkad
Date 28.07.2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of AKATHETHARA GRAMA PANCHAYATH for the year ended 31.03.2017 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of AKATHETHARA GRAMA PANCHAYATH prepared for the year 2016-17 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet in connection with the value of Assets is not Up-dated .
2. The figures shown in AFS, are not agreed with the Sanchaya Software.

Deputy Director.